**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2574** **23-02-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വാങ്ങൽ ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2025 ഡിസംബറിൽ സംസ്ഥാനത്തിനു പുറത്തു നിന്ന് വൈദ്യുതി വാങ്ങിയതിൽ വകുപ്പിന് വന്ന ചെലവെത്രയെന്ന് അറിയിക്കുമോ; ഇതിനായി പ്രതീക്ഷിച്ചിരുന്ന തുകയെത്രയെന്നും ചെലവായപ്പോൾ എത്ര കുറവുണ്ടായെന്നും അറിയിക്കുമോ; കുറവ് വന്നതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2025 ഡിസംബർ മാസത്തിൽ 1754.665 ദശലക്ഷം യൂണിറ്റ് വൈദ്യുതി സംസ്ഥാനത്തിന് അകത്തു നിന്നും പുറത്തു നിന്നുള്ളതും കണക്കിൽ എടുക്കുമ്പോൾ വാങ്ങിയിട്ടുണ്ട്. ഇതിന് 823.32 കോടി രൂപയായിട്ടുണ്ട്. അതായത് യൂണിറ്റൊന്നിനു ശരാശരി 4.69 രൂപ നിരക്കിൽ മാത്രം. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2025-26 സാമ്പത്തിക വർഷത്തേക്ക് അംഗീകരിച്ച ശരാശരി വൈദ്യുതി വാങ്ങൽ വില 4.64 രൂപയാണ്. അതായത് അംഗീകരിച്ച വൈദ്യുതി വാങ്ങൽ വിലയിൽ നിന്നും ഡിസംബർ മാസത്തിൽ അഞ്ച് പൈസ വർധനവുണ്ടായിട്ടുണ്ട്. എന്നാൽ കമ്മീഷൻ അംഗീകരിച്ച താപ വൈദ്യുതി നിലയങ്ങളിലെ ഇന്ധനവിലയിലെ വ്യതിയാനം കാരണം ഉണ്ടാകുന്ന വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ഇന്ധന സർചാർജിലൂടെ ഈടാക്കുവാൻ കമ്മീഷൻ ചട്ടം പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം ഇന്ധനവില മാത്രം കണക്കിലെടുക്കുമ്പോൾ 2025-ഡിസംബർ മാസത്തിൽ 22 ലക്ഷം രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ടി കുറവിന്റെ ആനുകൂല്യം അടുത്ത മാസത്തെ ഇന്ധന സർചാർജ് കണക്കാക്കുമ്പോൾ നൽകുന്നതാണ്. പുതിയ അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ കമ്മീഷൻ ചെയ്തതിനാൽ ട്രാൻസ്മിഷൻ ചാർജിൽ ഉണ്ടായ വർധനവാണ് വൈദ്യുതി വാങ്ങൽ വിലയിൽ നേരിയ തോതിൽ വർദ്ധനവായി പ്രതിഫലിച്ചിരിക്കുന്നത്. കെ.എസ്.ഇ.ബി .എൽ-ന്റെ കൃത്യമായ വൈദ്യുതി വാങ്ങൽ നയത്തിന്റെ ഫലമായാണ് വൈദ്യുതി വാങ്ങൽ തുക യൂണിറ്റൊന്നിനു 4.69 രൂപ എന്ന തോതിൽ കുറച്ചുനിർത്താൻ സാധിച്ചത് .<br><br>ഡിസംബർ 2025-ൽ പവർ എക്സ്ചേഞ്ചുകൾ വഴി വാങ്ങിയ വൈദ്യുതിയുടെ ചെലവ് 54.38 കോടി |

| | | | |
|---|---|---|---|
| | | | രൂപയാണ്. |
| (ബി) | കഴിഞ്ഞ മഴക്കാലത്ത് സംസ്ഥാനത്തിനു പുറത്തേക്ക് വൈദ്യുതി നൽകിയതിനു പകരമായി ഇനി സംസ്ഥാനത്തിന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് സൗജന്യമായി വൈദ്യുതി ലഭിക്കാനുണ്ടോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ വിശദമായി അറിയിക്കാമോ; | (ബി) | ഉണ്ട്, കഴിഞ്ഞ വർഷം മെയ് മുതൽ ലഭിച്ച അനുകൂല കാലവർഷത്തിന്റെ ഫലമായി യുള്ള അധിക ജലലഭ്യത ഉപയോഗ പ്പെട്ടുത്തി 2025-26 ലെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും 2026 വേനൽക്കാല അധിക വൈദ്യുതി ആവശ്യകതയും വിലയിരുത്തി പഞ്ചാബ് (PSPCL), ഛത്തിസ്ഗഢ് (CSPDCL) തുടങ്ങിവയുമായി കെ.എസ്.ഇ.ബി.എൽ ബാങ്കിങ് / കൈമാറ്റ കരാറുകളിൽ റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഏർപ്പെട്ടുക-യുണ്ടായി. ഇത് പ്രകാരം 2025 മെയ് മുതൽ ഓഗസ്റ്റ് വരെ നൽകിയ വൈദ്യുതി 2025 നവംബർ, ഡിസംബർ, 2026 ജനുവരി മാസങ്ങളിൽ ഭാഗികമായി ലഭ്യമായിരുന്നു. കരാർ പ്രകാരം മിച്ചം ലഭിക്കാനുള്ള വൈദ്യുതി 2026 ഏപ്രിൽ മാസത്തിൽ മുഴുവൻ സമയ ലഭ്യതയിൽ (RTC) തിരികെ ലഭ്യമാകും .<br><br>കഴിഞ്ഞ മഴക്കാലത്ത് സംസ്ഥാനത്തിനു പുറത്തേക്ക് സ്വാപ്പിങ് കരാറുകൾവഴി വൈദ്യുതി നൽകിയതിനു പകരമായി ഇനി സംസ്ഥാനത്തിന് പഞ്ചാബിൽ നിന്ന് 215.31 മില്യൺ യൂണിറ്റ് വൈദ്യുതി തിരിച്ചു ലഭിക്കാനുണ്ട്. ഇത് കരാർ പ്രകാരം ഫെബ്രുവരി മാസം 19 - ാ 0 തീയതി മുതൽ 29.98 മില്യൺ യൂണിറ്റും, ഏപ്രിൽ 2026-ൽ 186.33 മില്യൺ യൂണിറ്റും തിരിച്ചു ലഭിക്കും. |
| (സി) | നടപ്പ വർഷത്തെ വൈദ്യുതി വിതരണത്തിനായി വിവിധ കമ്പനികളുമായി ഏർപ്പെട്ട ഹ്രസ്വകാല കരാറുകളുടെ വിശദാംശം നൽകാമോ? | (സി) | 2026 വർഷത്തെ വേനൽ കാലത്തു സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യം മുന്നിൽ കണ്ടു വൈദ്യുതി ആവശ്യകതയും വിപണിയിലെ ലഭ്യതയും വിലയിരുത്തി താരതമ്യേനെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന തരത്തിൽ 2025 ജൂൺ മുതൽ തന്നെ കെ.എസ്.ഇ.ബി.എൽ വിവിധ ഹ്രസ്വ കാല / ബാങ്കിങ് കരാറുകളിൽ ഏർപ്പെടാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നു .<br><br>ഇതിന്റെ ഭാഗമായി നടപ്പ വർഷത്തിൽ (2026 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേക്കു) വൈദ്യുതി വാങ്ങുവാനുള്ള ഹ്രസ്വ കാല കരാറുകളിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഏർപ്പെട്ടതിന്റെ വിശദ വിവരങ്ങൾ **അനുബന്ധമായി ചേർത്തിരിക്കുന്നു .** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| മാസം | കരാറിൽ ഏർപ്പെട്ടിട്ടുള്ള കമ്പനി | ലഭ്യമാവുന്ന സമയം | വിഹിതം (MW) | യൂണിറ്റ് വില രൂപയിൽ |
|---|---|---|---|---|
| March'2026 | Power Pulse Trading Solutions | RTC | 150 | 5.40 |
| | Power Pulse Trading Solutions | RTC | 150 | 5.40 |
| April 2026 | Jindal power Ltd | 0.00 to 5 Hrs | 100 | 7.00 |
| | Jindal power Ltd | 0.00 to 5 Hrs | 50 | 7.00 |
| | NVVN | RTC | 100 | 5.83 |
| | NVVN | RTC | 200 | 5.83 |
| | APPCPL | RTC | 25 | 5.83 |
| | Manikaran Power Ltd | RTC | 25 | 5.83 |
| | Power Pulse Trading Solutions | RTC | 150 | 6.00 |
| | Tata Power Trading Company Ltd | 18.00 to 24 Hrs | 25 | 9.49 |
| | Jindal power Ltd | | 25 | 9.49 |
| | Jindal power Ltd | | 50 | 9.50 |
| May 2026 | Jindal power Ltd | 0.00 to 05.00 Hrs | 25 | 7.00 |
| | Jindal power Ltd | | 50 | 7.00 |
| | JSW Energy Ltd | | 50 | 7.30 |
| | NVVN | RTC | 200 | 5.85 |
| | Tata Power Trading Company Ltd | 18.00 to 24 .00 Hrs | 25 | 9.49 |
| | Jindal power Ltd | | 25 | 9.49 |
| | Jindal power Ltd | | 50 | 9.49 |

*RTC- 0.00 to 24.00 hrs

സെക്ഷൻ ഓഫീസർ